## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 44** **08-08-2023 - ൽ മറുപടിയ്ക്ക്**

## കെ-ഫോൺ പദ്ധതിയുടെ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ കേബിൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ സുപ്രധാന ഘടകമായ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ ( ഒ.പി.ജി.ഡബ്ല്യൂ. ) കേബിളുകൾ ഇന്ത്യൻ നിർമ്മിതമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കേബിളുകൾ കെ-ഫോണിനായി നൽകിയത് ബെൽ കൺസോർഷ്യം പാർട്ട്ണറായ എൽ.എസ്. കേബിൾ എന്ന സ്ഥാപനമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യം മുഖാന്തിരമാണ് OPGW കേബിളുകൾ ലഭ്യമാക്കപ്പെട്ടത് . പ്രസ്തുത ഒ.പി.ജി.ഡബ്യു കേബിളുകൾ സംബന്ധിച്ച് കെ.എസ് .ഇ . ബി.എൽ കെ.എസ് .ഐ .ടി.ഐ.എൽ -നെ അഭിപ്രായം അറിയിച്ചിരുന്നു . OPGW കേബിളുകളുടെ ഗുണനിലവാരം കെ-ഫോൺ പദ്ധതിയുടെ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചുവിലയിരുത്തുകയും ആയത് "മെയ്ക്ക് ഇൻ ഇന്ത്യ" വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട് |
| (സി) | എൽ.എസ്. കേബിൾ എന്ന സ്ഥാപനത്തിന് ഇത്തരം ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ നിർമ്മിക്കുവാനുള്ള സൗകര്യമില്ല എന്നും കേബിളുകൾ ചൈനയിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നതെന്നും കെ-ഫോൺ പദ്ധതിയിലെ പാർട്ട്ണറായ കെ.എസ്.ഇ.ബി. കണ്ടെത്തി കെ.എസ്.ഐ.ടി.ഐ.എൽ.നെ അറിയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യം മുഖാന്തിരമാണ് OPGW കേബിളുകൾ ലഭ്യമാക്കപ്പെട്ടത് . പ്രസ്തുത ഒ.പി.ജി.ഡബ്യു കേബിളുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ കെ.എസ്.ഐ.ടി.ഐ.എൽ -നെ അഭിപ്രായം അറിയിച്ചിരുന്നു. OPGW കേബിളുകളുടെ ഗുണനിലവാരം കെ-ഫോൺ പദ്ധതിയുടെ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് വിലയിരുത്തുകയും ആയത് "മെയ്ക്ക് ഇൻ ഇന്ത്യ" വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഒ.പി.ജി.ഡബ്ല്യൂ. കേബിളുകളുടെ നിർമ്മാതാക്കളിൽ നിന്നും 25 വർഷത്തെ വാറന്റി ഉറപ്പാക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്നും പ്രസ്തുത | (ഡി) | ഒ.പി.ജി.ഡബ്യു കേബിളുകളുടെ നിർമ്മാതാക്കളിൽ നിന്നും 25 വർഷത്തെ വാറന്റി ഉറപ്പാക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിരുന്നു. 25 വർഷത്തെ |

| | | | |
|---|---|---|---|
| | വ്യവസ്ഥ കെ.എസ്.ഐ.ടി.ഐ.എൽ. ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ? | | പെർഫോർമൻസ് വാറന്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ